**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 22** **22-07-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ കേന്ദ്രസർക്കാർ ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് നിഷേധിച്ചതും ഒരു കോടിയിലധികം രൂപ പിൻവലിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ രണ്ടുശതമാനം നികുതി നൽകണമെന്ന നിബന്ധന കൊണ്ടുവന്നതുമായ നടപടികൾ സഹകരണമേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | 1961 ലെ ആദായ നികുതി നിയമത്തിൽ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തുകയും 194 N എന്ന പുതിയ ഒരു വകുപ്പ് കൂട്ടി ചേർക്കുകയും ടി നിയമം 01.07.2020 മുതൽ പ്രാബല്യത്തിൽ വരുകയും ഉണ്ടായി. കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നവരിൽ നിന്നും 2% TDS (Tax Deducted at Source) ഈടാക്കേണ്ടതായിട്ടുണ്ട്. ഇത് സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് എങ്കിലും സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നത് എന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായ നികുതി ഈടാക്കണമെന്ന് കാണിച്ച് നികുതി വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും 03.10.2019-ലെ സെൻട്രൽ ബാങ്ക് കോൺഫറൻസിന്റെ അജണ്ടയിൽപ്പെടുത്തി ചർച്ച ചെയ്യുകയും ടി വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിന് നിവേദനം നൽകുന്നതിനും തീരുമാനിച്ചു. പ്രസ്തുത നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം നൽകുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 11.10.2019 ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പ് |

| | | | |
|---|---|---|---|
| | | | മന്ത്രി എന്നിവർക്ക് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി നേരിട്ട് നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിഷയം സംബന്ധിച്ച തുടർ നടപടികൾ കൈക്കൊള്ളുന്നതിനായി സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.07.2021 ൽ യോഗം ചേരുകയും 194 N എന്ന വകുപ്പിന്റെ നിയമസാധുത സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സഹകരണ മേഖലയിൽ കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് കേന്ദ്രസർക്കാർ പുതിയ സഹകരണ മന്ത്രാലയം രൂപീകരിച്ചത് എന്ന് വിലയിരുത്തുന്നുണ്ടോ; | (ബി) | കേന്ദ്ര സർക്കാർ പുതിയ സഹകരണ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി മാത്രമേ കൂടുതൽ നിഗമനത്തിലേക്ക് എത്താനാകൂ. |
| (സി) | സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന കേന്ദ്രസർക്കാർ ഇടപെടലുകളെ പ്രതിരോധിക്കുന്നതിന് ശക്തമായ നിലപാട് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന കേന്ദ്ര സർക്കാർ ഇടപെടലുകളെ പ്രതിരോധിക്കുന്നതിനുള്ള സർക്കാർ നിലപാടിന്റെ ഭാഗമായാണ് 194 N എന്ന പുതിയ ഭേദഗതി കൂട്ടിച്ചേർക്കുന്നതിനെതിരെ കേന്ദ്ര സർക്കാരിൽ നിവേദനം സമർപ്പിച്ചതും ബാങ്ക്/ ബാങ്കിംഗ് നിയമഭേദഗതി 2020 ബില്ല് നിയമമാകുന്നതിന് മുമ്പ് തന്നെ പ്രസ്തുത നിയമത്തിലെ സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഐക്യകണ്ഠേന ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളത്. കൂടാതെ, ആദായനികുതി നിയമത്തിലെ വകുപ്പ് 80(പി)(2) പ്രകാരമുള്ള നികുതിയിളവ് പിൻവലിച്ചത് സംഘങ്ങളുടെ നിലനിൽപ്പിനെ തന്നെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത നടപടി പിൻവലിക്കണമെന്നും സഹകരണ സ്ഥാപനങ്ങൾക്ക് വരുമാന നികുതിയിൽ ഇളവ് നൽകണമെന്നുമുള്ള ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങൾ മുഖാന്തിരവും വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ